രക്ഷയുടെ പാതയിൽ-൭



൭

# സഭ ആരാധന സമൂഹം

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം


1. ദൈവാരാധന
2. അടയാളങ്ങളും പ്രതീകങ്ങളും
3. അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധകുർബാനയിൽ
4. വിശുദ്ധകുർബാന പരമോന്നത ആരാധന
5. വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും
6. വിശുദ്ധകുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും
7. വിശുദ്ധകുർബാന ദൈവൈക്യശുശ്രൂഷയും സമാപനവും
8. ദൈവവചനവും ക്രൈസ്തവജീവിതവും
9. കൂദാശകളും ക്രൈസ്തവജീവിതവും
10. പ്രവേശക കൂദാശകൾ
11. സൗഖ്യദായക കൂദാശകൾ
12. തിരുപ്പട്ടം
13. വിവാഹം
14. ആരാധനാവൽസരവും ക്രൈസ്തവജീവിതവും
15. സമർപ്പിതജീവിതം

പാഠം 4

# വിശുദ്ധകുർബാന പരമോന്നത ആരാധന



# അബ്രാഹവും ഇസഹാക്കും



# കാൽവരിയിലെ ബലി



1. വിശുദ്ധ കുർബാന : ബലിയും വിരുന്നും
2. വിശുദ്ധ കുർബാന: മിശിഹാസംഭവത്തിന്റെ ആഘോഷം
3. വിശുദ്ധ കുർബാന: സഭാസമൂഹത്തിന്റെ പ്രാർത്ഥന
4. സഭയുടെ ആരാധനയിൽ സന്നിഹിതനാകുന്ന ഈശോ
5. വിശുദ്ധ കുർബാന: ക്രൈസ്തവജീവിതത്തിന്റെ ശക്തികേന്ദ്രം
6. ജീവിതത്തിൽ തുടരുന്ന വിശുദ്ധ കുർബാന
7. വിശുദ്ധ കുർബാന മൂന്നു രൂപങ്ങൾ
8. വിശുദ്ധ കുർബാനയുടെ വിവിധ ഭാഗങ്ങൾ



# വിശുദ്ധ കുർബാന : ബലിയും വിരുന്നും

- കാൽവരിയിലെ ബലിയിൽ ബലിയർപ്പകനും ബലിവസ്തുവും ഈശോതന്നെയായിരുന്നു. കാൽവരിയിൽ പൂർത്തിയാകാനിരുന്ന ബലിയുടെ കൗദാശിക രൂപമായിരുന്നു അന്ത്യ അത്താഴത്തിൽ നിറവേറിയത്. ഈശോ നമുക്കായി ഒരുക്കിയിരിക്കുന്ന സ്വർഗീയ വിരുന്നാണ് വിശുദ്ധ കുർബാന. ഉത്ഥിതനായ മിശിഹായുടെ ശരീരരക്തങ്ങളാണ് നാം ഇവിടെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നത്. അതുപോലെ തന്നെ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നവർ ദിവ്യകാരുണ്യം സ്വീകരിക്കേണ്ടത് കുർബാനയിലെ പങ്കാളിത്തത്തിന്റെ പൂർണതയ്ക്ക് ആവശ്യമാണ്.





# വിശുദ്ധ കുർബാന: മിശിഹാസംഭവത്തിന്റെ ആഘോഷം



- ഈശോയുടെ കൽപനയനുസരിച്ച് അവിടുത്തെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമയ്ക്കായി അൾത്താരയിൽ അർപ്പിക്കപ്പെടുന്ന ബലിയാണ് വിശുദ്ധ കുർബാന. അവിടുത്തെ ജനനം, ജീവിതം, മരണം, ഉത്ഥാനം, സ്വാർഗ്ഗാരോഹണം, പരിശുദ്ധാത്മാവിന്റെ ആഗമനം, മഹത്വപൂർണ്ണമായ രാമത്തെ ആഗമനം എന്നീ ദിവ്യരഹസ്യങ്ങൾ വിശുദ്ധ കുർബാനയിൽ നമ്മൾ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു

# വിശുദ്ധ കുർബാന: സഭാസമൂഹത്തിന്റെ പ്രാർത്ഥന

- വിശുദ്ധ കുർബാന സഭാസമൂഹത്തിന്റെ ഔദ്യോഗിക ആരാധനയാണ്; സഭാഗാത്രം ഒന്നായി ശിരസ്സായ മിശിഹായോടുചേർന്ന് പിതാവിനർപ്പിക്കുന്ന ആരാധനയാണിത്. സഭഅടിസ്ഥാനപരമായി ഒരു ആരാധന സമൂഹമാണ്.
- വിശ്വാസത്തിന്റെയും രക്ഷാകരാനുഭവത്തിന്റെയും പ്രഘോഷണവും ആചരണവുമാണ് വിശുദ്ധ കുർബാനയിൽ പ്രതിഫലിക്കുന്നത്. ശ്ലീഹന്മാരും പ്രവാചകരുമാകുന്നഅടിസ്ഥാനത്തിൽ പണിതുയർത്തിയിരിക്കുന്ന ഭവനമായ സഭയുടെ മൂലകല്ല് ഈശായാണ്.



# സഭയുടെ ആരാധനയിൽ സന്നിഹിതനാകുന്ന ഈശോ



❖ കുരിശിൽ സ്വയാർപ്പണം ചെയ്ത ഈശോ തന്നെയാണ് വി. കുർബാനയിൽ പുരോഹിതശുശ്രൂഷയിലൂടെ അതേ അർപ്പണം നടത്തുന്നത്. അപ്പത്തിലും വീഞ്ഞിലും പ്രത്യക വിധത്തിൽ അവിടുന്ന് സന്നിഹിതനാണ്. സ്വശക്തിയാൽഅവിടുന്ന് കൂദാശകളിൽ സന്നിഹിതനാകുന്നു. കൂദാശകൾ പരികർമ്മം ചെയ്യുമ്പോഴും ദൈവാലയങ്ങളിൽ വി. ഗ്രന്ഥം വായിക്കുമ്പോഴും പ്രാർത്ഥനകൾ ചൊല്ലുമ്പോഴും കീർത്തനങ്ങൾ ആലപിക്കുമ്പോഴുമെല്ലാം ഈശോ അവിടെ സന്നിഹിതനാണ്.






## വിശുദ്ധ കുർബാന:

## ക്രൈസ്തവജീവിതത്തിന്റെ ശകതികേന്ദ്രം

- വിശുദ്ധ കുർബാന ക്രൈസ്തവജീവിതത്തിന്റെ ശകതി കേന്ദ്രമാണ്. കാരണം ഈശോയുടെ ജീവിതത്തിന്റെയും അവിടുത്തെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും മഹനീയവും ഭയഭക്തി ജനകവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ രഹസ്യങ്ങൾ സന്തോഷത്തോടെ സ്മരിക്കുകയും സ്തുതിക്കുകയും അനുഷ്ഠിക്കുകയുമാണ് വിശുദ്ധകുർബാനയിൽ നാം ചെയ്യുന്നത്. ഈ ദിവ്യരഹസ്യങ്ങളിൽ സജീവമായി പങ്കുചേരുമ്പോൾ നമ്മൾ ദൈവകൃപയാൽ നിറയുന്നു. ദൈവോന്മുഖവും പരോന്മുഖവുമായ ജീവിതത്തിന് ഊർജം നൽകുന്ന ശക്തിസ്രോതസ്സാണ് വിശുദ്ധ കുർബാന.










# ജീവിതത്തിൽ തുടരുന്ന വിശുദ്ധ കുർബാന



- കർമ്മവേദിയിൽ മറ്റുള്ളവർക്കായി നമ്മെത്തന്നെ നൽകി ക്കൊണ്ട് നാം അവർക്ക് ജീവൻ നൽകണം. പരസഹായം ആവ ശ്യമുള്ള രോഗികളെയോ വൃദ്ധരെയോ സ്നേഹപൂർവ്വം പരിഗണി ക്കുമ്പോഴും, സഹപാഠികളെ പാഠങ്ങൾ പഠിക്കാൻ സഹായിക്കു മ്പോഴും, വേദനിക്കുന്നവരെ ആശ്വസിപ്പിക്കുമ്പോഴും, പാപിക ളുടെ മാനസാന്തരത്തിനുവേ പ്രാർത്ഥിക്കുമ്പോഴും, മാതാപിതാ ക്കളെ അനുസരിക്കുകയും സഹായിക്കുകയും ചെയ്യുമ്പോഴും, അനുദിനകടമകൾ വിശ്വസ്തതയോടെ നിറവേറ്റുമ്പോഴുമെല്ലാം നമ്മുടെ ജീവിതശൈലി നാം തുടരുകയാണ്.







## വിശുദ്ധ കുർബാനയുടെ മൂന്നു രൂപങ്ങൾ

1. സാധാരണ ക്രമം
2. ആഘോഷമായ ക്രമം
3. ഏറ്റവും ആഘോഷമായ ക്രമം (റാസ)

## വിശുദ്ധ കുർബാനയുടെ വിവിധ ഭാഗങ്ങൾ

- ആമുഖശുശ്രൂഷ, വചനശുശ്രൂഷ, ഒരുക്കശുശ്രൂഷ, അനാഫൊറ, അനുരഞ്ജനശുശ്രൂഷ, വിഭജനശുശ്രൂഷ, ദൈവൈക്യശുശ്രൂഷ, സമാപനശുശ്രൂഷ എന്നിവയാണ് വിശുദ്ധ കുർബാനയുടെ പ്രധാനഭാഗങ്ങൾ.

# ദൈവവചനം

## വായിക്കാം, ധ്യാനിക്കാം

(1 കോറി. 11:23-29)



# ഓർമ്മിക്കാൻ ഒരു തിരുവചനം

"ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനുമെതിരെ തെറ്റുചെയ്യുന്നു

(1 കോറി. 11:27).

# നമുക്കു പ്രാർത്ഥിക്കാം

ഈശോനാഥാ, വിശുദ്ധ കുർബാനയിൽ സജീവമായി പങ്കെടുക്കാനും ഞങ്ങളുടെ ജീവന്റെയും ഉയിർപ്പിന്റെയും കാരണമായ തിരുശരീരരക്തങ്ങൾ യോഗ്യതയോടുകൂടി സ്വീകരിക്കാനും ഞങ്ങളെ ശക്തരാക്കണമേ.

# എന്റെ തീരുമാനം

**വിശുദ്ധ കുർബാനയിൽ സംബന്ധിക്കുമ്പോൾ ഞാൻ യോഗ്യതയോടെ ഈശോയുടെ തിരുരക്തങ്ങൾ സ്വീകരിക്കും.**

# സഭാപിതാക്കന്മാർ പറയുന്നത്

**വിശുദ്ധ കുർബാനയിൽ ഈശോയെ കാണുന്ന ഞങ്ങൾക്ക് ചുറ്റുമുള്ള രോഗികളിലും അവഗണിക്കപ്പെട്ടവരിലും അവിടുത്തെ കാണാതിരിക്കാൻ വയ്യ.** (വാഴ്ത്തപ്പെട്ട മദർ തെരേസ)

Thank you